## 20

# കാറ്റ് ഉരുണ്ടുകൂടൽ[1]

***വായനാ ഭാഗം** #7*

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു[2] വരെ.

A. യേശു ശബ്ബത്തിൽ ഒരു മുടന്തനെ സൗഖ്യമാക്കുകയും ആ പ്രവൃത്തിയെ പ്രതിരോധിക്കുകയും ചെയ്തു (യോഹ. 5:1–47).

B. ശബ്ബത്തിൽ തന്റെ ശിഷ്യന്മാർ കതിർ പറിച്ചു തിന്നതിനെ യേശു പ്രതിരോധിച്ചു (മത്താ. 12:1–8; മർക്കൊ. 2:23–28; ലൂക്കൊ. 6:1–5).

C. യേശു ശബ്ബത്തിൽ കൈവരണ്ട മനുഷ്യനെ സൗഖ്യമാക്കിയതിനെ പ്രതിരോധിക്കയുണ്ടായി (മത്താ. 12:9–14; മർക്കൊ. 3:1–6; ലൂക്കൊ. 6:6–11).

D. ഗലീലിക്കടലിന്നരികെ വെച്ച് യേശു നിരവധി രോഗികളെ സൗഖ്യ മാക്കി (മത്താ. 12:15–21; മർക്കൊ. 3:7–12).

E. പ്രാർത്ഥനക്കു ശേഷം, യേശു പന്ത്രണ്ടു അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തു (മത്താ. 10:2–4; മർക്കൊ. 3:13–19; ലൂക്കൊ. 6:12–16).

**മുഖവുര**

യേശു തന്റെ വലിയ ഗലീലാ ശുശ്രൂഷ തുടർന്നപ്പോൾ, അവന്റെ ശ്രുതി പരന്നു. പരുഷാരം അവന്റെ പ്രസംഗം കേൾക്കുവാനും രോഗസൗഖ്യത്തിനായും വന്നുചേർന്നു. ഈ പാഠത്തിൽ പറഞ്ഞ സമയത്ത്, യേശു തന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കുകയും, ചരിത്ര പ്രാധാന്യമുള്ള ഗിരിപ്രഭാഷണത്തിനുള്ള രംഗമൊരുക്കുകയും ചെയ്തു – അത് നാം അടുത്ത രണ്ടു പാഠങ്ങളിൽ പഠിക്കും.

ഒരുപക്ഷെ ആ സമയത്തെ പ്രധാനപ്പെട്ട കാര്യം യെഹൂദമതാധികാരികൾക്ക് യേശുവിനോടുള്ള ശത്രുത വർദ്ധിച്ചുകൊണ്ടിരുന്നു എന്നതാണ്. യേശു എവിടെ പോയോ അവിടെയെല്ലാം, അവനിൽ എന്തെങ്കിലും കുറ്റം കണ്ടെത്തുവാൻ ചാരന്മാർ ശ്രമിച്ചുകൊണ്ടിരുന്നു (മർക്കൊസ് 3:2; മത്തായി 12:10). ശത്രുക്കളുടെ സൂത്രങ്ങളിൽ നിന്ന് ക്രിസ്തു ഒഴിഞ്ഞുമാറിയപ്പോൾ, അവരിൽ അത് കോപം വർദ്ധിപ്പിച്ചു (ലൂക്കൊസ് 6:11). മത്തായി എഴുതി "പരീശന്മാരോ ... പുറപ്പെട്ട് അവനെ നശിപ്പിപ്പാൻ വേണ്ടി, അവന്നു വിരോധമായി തമ്മിൽ ആലോചിച്ചു" (മത്തായി 12:14; മർക്കൊസ് 3:6 നോക്കുക). യോഹന്നാൻ രേഖപ്പെടുത്തിയത് "യെഹൂദന്മാർ യേശുവിനെ ഉപദ്രവിച്ചു" എന്നാണ്, പിന്നെ അവർ "അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചുപോന്നു" (യോഹന്നാൻ 5:16, 18).

യെഹൂദമതാധികാരികൾ അകാരണമായി യേശുവിനെ പകച്ചതിനെ രേഖ

പ്പെടുത്തുന്നത് അനിവാര്യമാണെന്നു സുവിശേഷ എഴുത്തുകാർ ചിന്തിക്കുവാൻ കാരണം എന്തായിരുന്നു? ഒരുപക്ഷെ യേശുവിനെ ക്രൂശിച്ചതിനു അവർക്കുള്ള കാരണം അവർ വ്യക്തമാക്കുവാൻ ഉദ്ദേശിച്ചായിരിക്കാം. ഒരു റോമാ ക്രൂശിൽ മരിക്കുന്നതിനെക്കാൾ ലജ്ജാവഹമായ മറ്റൊന്ന് പുതിയ നിയമ കാലയളവിൽ ഇല്ലായിരുന്നു (എബ്രായർ 6:6; 12:2 നോക്കുക). സംശയാലുക്കൾ പറയുന്നതായി എനിക്കൂഹിക്കാം (പരിഹാസത്തോടെ), "യേശു വാസ്തവമായും നിങ്ങൾ പറയുന്നതുപോലെ പൂർണ്ണതയുള്ള വ്യക്തിയായിരുന്നുവെങ്കിൽ, അവൻ ക്രൂരകൃത്യം ചെയ്തവനെ പോലെ മരിച്ചതെന്തുകൊണ്ട്?" ഈ പാഠത്തിൽ നാം പഠിക്കുന്ന അതുപോലെയുള്ള വേദഭാഗങ്ങൾ ആ ചോദ്യത്തിനുള്ള ഉത്തരം നൽകുവാൻ സഹായിക്കും.

ആദ്യം നമുക്കു ഏറ്റുമുട്ടലിനെ കുറിച്ചുള്ള മൂന്നു ഉദാഹരണങ്ങൾ നോക്കാം. പിന്നെ യേശു അതിനെ എതിരിടുവാൻ എന്തു ചെയ്തു എന്നു കാണാം – ഒരു പരിധിവരെ – ആ എതിർപ്പിന്റെ അനന്തരഫലങ്ങൾ.

## വാക്കുകൾ കൊണ്ട്
## ശത്രുതയോട് പ്രതികരിക്കൽ

ശബ്ബത്ത് നിയമാവലികളെ ചുറ്റിപ്പറ്റി ഉള്ളതാണ് ഈ പാഠത്തിൽ കാണുന്ന ശത്രുത. സുവിശേഷ വിവരണങ്ങൾ ആറ് ശബ്ബത്ത് വിവാദങ്ങളെ കുറിച്ചു പറയുന്നു. ഈ അവതരണത്തിൽ അവയിൽ മൂന്നെ ണ്ണത്തെ കുറിച്ചു നാം പഠിക്കും.

"ശബ്ബത്ത്" എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം "വിശ്രമം" എന്നാണ്. ദൈവം ലോകത്തെ സൃഷ്ടിച്ചുകഴിഞ്ഞപ്പോൾ, അവൻ ഏഴാം ദിവസം വിശ്രമിച്ചു (ഉൽപത്തി 2:1–3). പിന്നീട്, ശബ്ബത്ത് എന്നുവിളിക്കുന്ന, ഏഴാം ദിവസ വിശ്രമത്തെ, പത്തു കൽപനയുടെ ഭാഗമായി നൽകി (പുറപ്പാട് 20:8–11). ശബ്ബത്ത് വിശ്രമ ദിവസമായിരുന്നു, ദൈവത്തിൽ ധ്യാനിക്കേണ്ട സമയമായിരുന്നു, ആഹ്ലാദിക്കേണ്ട സമയവുമായിരുന്നു. ശബ്ബത്ത് ആചരിക്കുന്നുവെന്നു ഉറപ്പുവരുത്തുവാൻ, അത് ലംഘിക്കുന്നവരിൽ പിഴ ചുമത്തുവാനും ദൈവം കൽപിച്ചിരുന്നു (നോക്കുക സംഖ്യാപുസ്തകം 15:32–36; നെഹെമ്യാവു 13:15–22; യിരെമ്യാവു 17:19–27).

ദൈവത്തിന്റെ പ്രമാണങ്ങൾ കർശനമുള്ളവയായിരുന്നു, എന്നാൽ മനുഷ്യർ അങ്ങനെ അതിനെ കരുതുവാൻ തയ്യാറായില്ല. എച്ച്. ഐ. ഹെസ്റ്റർ എഴുതി,

> ആ ദിവസത്തെ ആചരിക്കുന്നത് സങ്കീർണ്ണവും പ്രയാസം നിറഞ്ഞതുമായ ഒരു ഉത്തരവാദിത്വം ആയി തീർന്നിരുന്നു. മോശെയുടെ നിബന്ധനകൾ വിപുലമാക്കുകയും അതിനെ പെരുപ്പിച്ച് നൂറുകണക്കിനാക്കുകയും ചെയ്തു. അവയിൽ പല നിബന്ധനകളും വിഡ്ഢിത്തം നിറഞ്ഞവയായിരുന്നു. ഉദാഹരണമായി, നഷ്ടപ്പെട്ട പല്ലിനുപകരം കൃത്രിമമായ പല്ല് ശബ്ബത്തിൽ ഉപയോഗിക്കുന്നത് ഭാരമായി കരുതിയിരുന്നു, അതുപോലെ തന്നെ നരച്ച മുടി പിഴുതെടുക്കുന്നത്, അല്ലെങ്കിൽ ഗോതമ്പിന്റെ അറ്റം എടുക്കുന്നത്, അല്ലെങ്കിൽ അക്ഷരമാലയിലെ[3] രണ്ട് അക്ഷരം കൂട്ടിചേർത്ത് എഴുതുന്നതുപോലും അങ്ങനെ കരുതിയിരുന്നു. അത്തരത്തിലുള്ള വളരെയേറെ നിബന്ധനകൾ ശബ്ബത്ത് ആചരിക്കുന്നതിനെ ... പ്രായോഗികമായി അസാധ്യമാക്കിതീർക്കു

ന്നതാക്കി. ... അത്തരത്തിലുള്ള എല്ലാ വ്യവസ്ഥകളും ശബ്ബത്തിന്റെ[4] ശരിയായ ഉദ്ദേശത്തെ തന്നെ നശിപ്പിച്ചു.

വാരെൻ വിയേർസ്ബേ നിരീക്ഷിച്ചു, "അവർ ശബ്ബത്തിനെ – മനുഷ്യർക്കുള്ള ദൈവത്തിന്റെ ദാനമാക്കി മാറ്റി – അതിനെ നിബന്ധനകളുടെയും നിയന്ത്രണങ്ങളുടേയും[5] ഒരു തടവറയാക്കി തീർത്തു."

യേശുവിനെ സൂത്രത്തിൽ പിടിപ്പാൻ യെഹൂദന്മാർ ശ്രമിച്ചപ്പോൾ, അവരുടെ മറഞ്ഞുകിടന്ന സങ്കീർണ്ണമായ ശബ്ബത്ത് നിയമാവലികൾ "അവർ ആഗ്രഹിച്ച നിയമരീതി"[6] ആയി തീർന്നു. ആർക്കും ശബ്ബത്തിന്റെ എല്ലാ നിയമങ്ങളും (എല്ലാ പ്രായോഗികമായ ലക്ഷ്യങ്ങൾക്കു വേണ്ടിയും) പൂർണ്ണമായി പാലിക്കുവാൻ കഴിയാത്തതുകൊണ്ട്, യേശുവിനെ നിയമലംഘനത്തിൽ കുടുക്കുവാൻ അവർക്കു പ്രയാസമില്ല എന്ന് അവർ കരുതി – അത്തരം ലംഘനത്തിന് മരണശിക്ഷയാണ് ലഭിക്കുന്നതും (സംഖ്യാപുസ്തകം 15:32–36 നോക്കുക)![7]

### ശബ്ബത്തിൽ ഒരു മുടന്തനെ സൗഖ്യമാക്കുന്നു
### (യോഹ. 5:1-47)

നമ്മുടെ കഴിഞ്ഞ പാഠം അവസാനിച്ചപ്പോൾ, യേശു മഹത്തായ ഗലീലാ ശുശ്രൂഷയിൽ തിരക്കുള്ളവനായിരുന്നു എന്നു കണ്ടു. ഈ പാഠം തുടങ്ങുമ്പോൾ, യേശു ഒഴിവെടുത്ത് മതപരമായ പെരുന്നാളിന് യെരുശലേമിലേക്ക് പോകുന്നതായിട്ടാണ് നാം കാണുന്നത് (യോഹന്നാൻ 5:1). മോശെയുടെ ന്യായപ്രമാണപ്രകാരം മുഖ്യമായ പെരുന്നാളുകൾ ആഘോഷിക്കേണ്ടതിന് യെഹൂദന്മാർ വർഷത്തിൽ മൂന്നു പ്രാവശ്യം യെരുശലേമിലേക്ക് പോകേണ്ടിയിരുന്നു – പെസഹക്കും, പെന്തെക്കൊസ്തിനും, കൂടാരപെരുന്നാളിനും[8] – യേശു എപ്പോഴും ആ നിയമം പാലിച്ചിരുന്നു (മത്തായി 5:17). ഈ പെരുന്നാൾ ഏതായിരുന്നു എന്നു നമുക്കറിയില്ല, എന്നാൽ അത് പെസഹ[9] ആയിരിക്കുമെന്നാണ് എല്ലാ സാഹചര്യതെളിവുകളും കാണിക്കുന്നത്. നമ്മുടെ പഠന ലക്ഷ്യത്തിനുവേണ്ടി, അതിനെ പെസഹ എന്നു നമുക്കു കരുതാം.

കഴിഞ്ഞ പെസഹപെരുന്നാളിനിടയിൽ, മതപരമായ വ്യാപാരികളെ ദേവാലയത്തിൽ[10] നിന്ന് യേശു പുറത്താക്കിയത് യെഹൂദ മതാദ്ധ്യക്ഷന്മാരെ ക്ഷുഭിതരാക്കിയിരുന്നു. ഈ പെസഹയിൽ, ബേഥെസ്ദായിലെ കുളത്തിനരികിൽ വെച്ച് ഒരു മനുഷ്യനെ സൗഖ്യമാക്കിക്കൊണ്ട് അവൻ അവരെ കോപാകുലരാക്കി. ആ അത്ഭുതത്തെ യോഹന്നാൻ ഈ വാക്കുകളിൽ പറഞ്ഞു: "യേശു അവനോട്, 'എഴുന്നേറ്റു, നിന്റെ കിടക്ക എടുത്തു നടക്ക' എന്നു പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി, കിടക്ക എടുത്തു നടന്നു" (യോഹന്നാൻ 5:8, 9). യോഹന്നാൻ പിന്നെ ഈ സുപ്രധാന പ്രസ്താവന കൂടി ചേർത്തു: "എന്നാൽ അന്ന് *ശബ്ബത്ത്* ദിവസമായിരുന്നു" (വാ. 9; എംഫസിസ് മൈൻ). റബ്ബിമാരുടെ സമ്പ്രദായം അനുസരിച്ച്, ശബ്ബത്തു ദിവസത്തിൽ ഒരാളെ പായിൽ ചുമക്കുന്നത് നിയമപരമായിരുന്നു (അവരുടെ അഭിപ്രായപ്രകാരം, പായ് "യാദൃശ്ചികം" ആയിരുന്നു), എന്നാൽ പായ് മാത്രം ചുമക്കുന്നത് നിയമരഹിതമായിരുന്നു.

ആദ്യം, യെഹൂദ മതാദ്ധ്യക്ഷന്മാർ പായ് എടുത്തുകൊണ്ടുപോയവനെയാണ് കുറ്റപ്പെടുത്തിയത്; എന്നാൽ തന്റെ കിടക്ക എടുത്തു നടക്കുവാൻ

പറഞ്ഞത് യേശുവാണെന്ന് അവർ അറിഞ്ഞപ്പോൾ, അവരുടെ ആക്രമണം യേശുവിലേക്ക് തിരിഞ്ഞു. അവരുടെ ആ പെട്ടെന്നുള്ള ആക്രമണം വിശദമായി രേഖപ്പെടുത്തിയിരിക്കുന്ന അവന്റെ ആദ്യത്തെ പരസ്യ പ്രസംഗത്തിനു ആരംഭം കുറിക്കുകയും, ഈ പ്രസംഗത്തിൽ യേശു തന്നെത്താൻ ന്യായീകരിച്ചു വിശദീകരണം നൽകുവാൻ നിർബന്ധിതനാവുകയും അത് പല നീണ്ട പ്രസംഗങ്ങളിൽ[11] ഒന്നാമത്തേതുമാണ്.

ഈ അവസരത്തിൽ യേശുവിന്റെ അടിസ്ഥാനപരമായ ന്യായീകരണം ദൈവത്തിന് ശബ്ബത്തിൽ "പ്രവർത്തിക്കുവാൻ" കഴിയുമെങ്കിൽ, തനിക്കും കഴിയും എന്നതായിരുന്നു (വാ. 17).[12] താനും തന്റെ പിതാവും പങ്കാളികളായുള്ള പ്രവർത്തികളുടെ ഉദാഹരണങ്ങൾ അവൻ നൽകി (വാ. 19–30). യേശു തന്നെത്താൻ ദൈവത്തോട് സമനാക്കിയത് യെഹൂദന്മാരെ ഞെട്ടിച്ചു: അവൻ "തന്നെത്താൻ ദൈവത്തോടു സമമാക്കി" (വാ. 18)! താൻ ആരായിരുന്നു എന്നതിനെ കുറിച്ചുള്ള തന്റെ അവകാശവാദം തെളിയിക്കുവാൻ ക്രിസ്തു പിന്നെ ധാരാളം സാക്ഷ്യങ്ങൾ നൽകുകയുണ്ടായി: യോഹന്നാൻ സ്നാപകൻ, താൻ ചെയ്ത അത്ഭുതങ്ങൾ, തിരുവെഴുത്തുകൾ, കൂടാതെ പ്രത്യേകിച്ച് ദൈവത്തെ കുറിച്ചു തന്നേ സാക്ഷ്യം നൽകി (വാ. 31–47). ബർട്ടൺ കോഫ്മാൻ പറഞ്ഞതു ആ അവസരത്തിൽ യേശുവിന്റെ ശത്രുക്കളോടുള്ള അവന്റെ വാക്കുകൾ "തിരുവെഴുത്തിലെ ഏറ്റവും പ്രാധാന്യമുള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു"[13] എന്നാണ്.

ആ ഏറ്റുമുട്ടലിനുശേഷം, ഉടനെ തന്നെ യേശു യെരുശലേമിലേക്കുപോയതായി കാണാം. ഒരു പരിധിവരെ, യെരുശലേമിലേക്കുള്ള ഈ യാത്രയെ കുറിച്ചു മറ്റൊന്നും രേഖപ്പെടുത്തിയിട്ടില്ല.

**ശബ്ബത്തിൽ കതിർ പറിക്കൽ (മത്താ. 12:1-8; മർക്കൊ. 2:23-28; ലൂക്കൊ. 6:1-5)**

ക്രിസ്തു ഗലീലയിലേക്കു[14] മടങ്ങിവന്നശേഷം, ഒരു ശബ്ബത്തിൽ അവനും അവന്റെ ശിഷ്യന്മാരും വിളഭൂമിയിൽകൂടി കടന്നുപോകുമ്പോൾ, "അവന്റെ ശിഷ്യന്മാർ വിശന്നിട്ടു കതിർ[15] പറിച്ചു തിന്നുതുടങ്ങി" (മത്തായി 12:1). ശിഷ്യന്മാർ "കതിർ പറിച്ചു [മണികൾ] കൈ കൊണ്ട് തിരുമ്മിതിന്നു" എന്നാണ് ലൂക്കൊസ് അതിനെ വിശേഷിപ്പിച്ചത് (ലൂക്കൊസ് 6:1). കതിരിലുള്ള ധാന്യത്തെ തിന്നുന്നതിനു മുൻപ് പുറത്തുള്ള തോട് നീക്കികളയേണ്ടതാണ്. യേശുവിന്റെ ശിഷ്യന്മാർ കതിർ പറിച്ച് ധാന്യം കയ്യിലിട്ട് തിരുമ്മി അവയുടെ തോട് നീക്കം ചെയ്തു. പിന്നെ ആ തോടുകൾ ഊതി കളഞ്ഞു ധാന്യം മാത്രം അവരുടെ വായിലേക്കിട്ടു.

അങ്ങനെ അവർ കതിർ പറിച്ച്, തിരുമ്മി, ഊതി, തിന്നുമ്പോൾ, ഒരു കൂട്ടം പരീശന്മാർ അവരുടെ മുന്നിലെത്തി അവർ ശബ്ബത്ത്[16] ലംഘിച്ചതായി ആരോപിക്കുവാൻ തുടങ്ങി. (ഈ രംഗത്തിന് അൽപം ഹാസ്യം കലർന്നിരിക്കുന്നു: ആകർഷണീയമായി ളോഹ ധരിച്ച സ്വാർത്ഥരായ പരീശന്മാർ, വിളഭൂമിയിൽ പതിയിരുന്നു, അവരുടെ പ്രിയ സമ്പ്രദായങ്ങളിൽ ഏറ്റവും നിസ്സാരമായതിനെ ലംഘിച്ചതിന് യേശുവിനെ കുറ്റപ്പെടുത്തുവാൻ കാത്തിരിക്കുന്ന കാഴ്ച്ച ഒന്നൂഹിച്ചുനോക്കുക!)

മറ്റൊരാളുടെ ധാന്യം അവർ മോഷ്ടിച്ചു എന്നായിരുന്നില്ല കുറ്റം. യാത്രക്കിടയിൽ ധാന്യം പറിച്ചുതിന്നുവാൻ ന്യായപ്രമാണം അനുവദിച്ചിരുന്നു

(ആവർത്തനപുസ്തകം 23:25). ശബ്ബത്തിൽ ജോലി ചെയ്യുന്നതാണ് ലംഘിച്ചതായി അവർ ആരോപിച്ചത്. പരീശന്മാരെ സംബന്ധിച്ചിടത്തോളം, കതിർ പറിക്കുന്നത് വിളവെടുപ്പിനു തുല്യമായിരുന്നു, കതിർ തിരുമ്മുന്നത് കളപ്പുരയിൽ മെതിക്കുന്നതിനു തുല്യമായിരുന്നു, ഊതി തവിടുകളയുന്നത് വീശുന്നതിനുതുല്യമായിരുന്നു, ധാന്യം തിന്നുന്നത് അരയ്ക്കുന്നതിനു തുല്യമായിരുന്നു. (ഒരുപക്ഷെ ശിഷ്യന്മാർ "ആഹാരം ഉണ്ടാക്കി" എന്നും അവർ പറഞ്ഞിരിക്കാം, അതു ശബ്ബത്തിൽ വിലക്കിയിരുന്നതാണ്.)

യേശുവിന്റെ ഇപ്പോഴത്തെ ന്യായീകരണം യെരുശലേമിൽ കണ്ടതിൽ നിന്ന് വ്യത്യസ്തമായിരുന്നു. അവസാനം, അവർ "കുറ്റമില്ലാത്തവരെ" കുറ്റം വിധിക്കുകയാണെന്നു അവൻ പറഞ്ഞു (മത്തായി 12:7). മറ്റൊരു വാക്കിൽ പറഞ്ഞാൽ, യേശു തന്നിൽ "കുറ്റമില്ല" എന്നു വാദിച്ചു. അവൻ അങ്ങനെ പറഞ്ഞത് അഞ്ചു കാരണങ്ങളാലാണ്:

(1) "കുറ്റമില്ല" – കാരണം ദാവീദും കൂട്ടരും വിശന്നപ്പോൾ ദേവാലയത്തിൽ പുരോഹിതന്മാർക്കുമാത്രം തിന്നാവുന്ന കാഴ്ച്ചയപ്പം ഭക്ഷിച്ചപ്പോൾ അതു കുറ്റമില്ലാത്തതായി കണ്ടു (മത്തായി 12:3, 4; ലൂക്കൊസ് 6:3, 4; നോക്കുക 1 ശമുവേൽ 21:6; ലേവ്യാപുസ്തകം 24:5–9).[17]

(2) "കുറ്റമില്ല" – കാരണം പുരോഹിതന്മാർ ശബ്ബത്തിൽ ജോലി ചെയ്തപ്പോൾ അവരിൽ കുറ്റം വിധിച്ചിരുന്നില്ല (മത്തായി 12:5; നോക്കുക സംഖ്യാപുസ്തകം 28:9, 18, 19). പുരോഹിതന്മാർക്ക് ആഴ്ച്ചയിൽ ഏറ്റവും തിരക്കുള്ള ദിവസമായിരുന്നു ശബ്ബത്ത്.

(3) "കുറ്റമില്ല" – കാരണം ശബ്ബത്ത് ഭാരമായി തീരാൻ ഉദ്ദേശിച്ചുള്ളതല്ല, അനുഗ്രഹത്തിനുവേണ്ടിയുള്ളതാണ്: "മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല, ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായതു" (മർക്കൊസ് 2:27). ശബ്ബത്തിൽ ശിഷ്യന്മാരുടെ നിസ്സാരമായ വിശപ്പടക്കുവാനുള്ള പ്രവർത്തി അവരിൽ അകാരണമായ ഭാരം നൽകുകയാണ് ഉണ്ടായത്.

(4) "കുറ്റമില്ല" – കാരണം കഷ്ടത നീക്കുന്നത് (വിശപ്പടക്കം) ആചാരങ്ങൾ (പ്രത്യേകിച്ച് മനുഷ്യ–നിർമ്മിതമായവ) നിറവേറ്റുന്നതിനെക്കാൾ പ്രാധാന്യമുള്ളതായിരുന്നു. തന്നെ കുറ്റം ആരോപിച്ചവരെ യേശു ഹോശെയ 6:6–ലെ ഉപദേശമാണ് ഓർമ്മിപ്പിച്ചത്: "യാഗത്തിലല്ല, കരുണയിൽ[18] അത്രേ ഞാൻ പ്രസാദിക്കുന്നു" (മത്തായി 12:7).

(5) "കുറ്റമില്ല" – കാരണം മശിഹക്ക് മനുഷ്യരുടെ സമ്പ്രദായങ്ങൾക്കു കീഴ്പ്പെടുവാൻ കഴിയുകയില്ല. യേശു നടത്തിയ രണ്ടു പ്രസ്താവനകളായിരിക്കും പരീശന്മാരെ കോപിപ്പിക്കുവാൻ ഇടയാക്കിയത്: "എന്നാൽ ദൈവാലയത്തെക്കാൾ[19] വലിയവൻ [അല്ലെങ്കിൽ, ഒരാൾ[20]] ഇവിടെ ഉണ്ടു എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 12:6); "മനുഷ്യപുത്രനോ ശബ്ബത്തിന്നു കർത്താവാകുന്നു" (മത്തായി 12:8; നോക്കുക മർക്കൊസ് 2:28; ലൂക്കൊസ് 6:5). യേശു തീർച്ചയായും തന്നെത്തന്നെയാണ് സൂചിപ്പിച്ചത്. അവർക്കല്ല, അവനാണ്, ശബ്ബത്തിനെ സംബന്ധിച്ച് പഴയനിയമപ്രമാണങ്ങളുടെ ചട്ടക്കൂടിനുള്ളിൽ പറഞ്ഞിരിക്കുന്ന എന്തുചെയ്യണം അല്ലെങ്കിൽ എന്തു ചെയ്യണ്ട എന്നു തീരുമാനിക്കുവാനുള്ള അധികാരം.

പരീശന്മാർ ഒരുപക്ഷെ കോപം ഉള്ളിൽ അടക്കി, പിറുപിറുത്തുകൊണ്ടു പോയിക്കാണും.

**ശബ്ബത്തിൽ കൈവരണ്ട ഒരു മനുഷ്യനെ സൗഖ്യമാക്കി**
**(മത്താ. 12:9-14; മർക്കൊ. 3:1-6; ലൂക്കൊ. 6:6-11)**

ഇതു കഴിഞ്ഞ ഉടനെ,[21] "മറ്റൊരു ശബ്ബത്തിൽ," യേശു തനിക്കു ഉപദേശിക്കുവാൻ അവസരമുണ്ടായിരുന്ന ഒരു പള്ളിയിൽ ചെന്നു (ലൂക്കൊസ് 6:6). മത്തായിയുടെ വിവരണമനുസരിച്ച്, "അവൻ *അവരുടെ* പള്ളിയിൽ ചെന്നു" (മത്തായി 12:9; എംഫസിസ് മൈൻ), അത് വിളഭൂമിയിൽവെച്ച് തന്നെ കുറ്റപ്പെടുത്തുവാൻ ശ്രമിച്ച പരീശന്മാരെ സൂചിപ്പിച്ചുകൊണ്ടായിരുന്നു പറഞ്ഞത്.

പള്ളിയിൽ വന്നിരുന്നവരിൽ "കൈ വരണ്ട ... ഒരു മനുഷ്യൻ" ഉണ്ടായിരുന്നു (മത്തായി 12:10). (ക്രിസ്തുവിനെ കുടുക്കുവാൻ വേണ്ടി അവന്റെ ശത്രുക്കൾ ആയിരുന്നോ അവനെ അവിടെ കൊണ്ടുവന്നത്?) പരീശന്മാർ "അവർ അവനെ[22] കുറ്റം ചുമത്തേണ്ടതിന്നു, ശബ്ബത്തിൽ അവനെ [യേശു] സൗഖ്യമാക്കുമോ" എന്നു നോക്കിക്കൊണ്ടിരുന്നു (മർക്കൊസ് 3:2). അവസാനം, അതു ക്ഷമിച്ചുനിൽക്കുവാൻ കഴിയാതെ അവർ ക്രിസ്തുവിന്റെ പ്രസംഗം തടസ്സപ്പെടുത്തി, അവനോടു ചോദിച്ചു, "ശബ്ബത്തിൽ സൗഖ്യമാക്കുന്നത് വിഹിതമോ?" (മത്തായി 12:10).

യേശുവിനെ അത് ഭയപ്പെടുത്തിയില്ല. അവൻ കൈവരണ്ട മനുഷ്യനോട്, "നടുവിൽ എഴുന്നേറ്റു നിൽക്ക!" എന്നുപറഞ്ഞു (മർക്കൊസ് 3:3). ആ മനുഷ്യൻ എഴുന്നേറ്റു നിന്നപ്പോൾ, തന്നെ ചോദ്യം ചെയ്തവരോടു ക്രിസ്തു ചോദിച്ചു, "ശബ്ബത്തിൽ നന്മ ചെയ്കയോ തിന്മ ചെയ് കയോ, ജീവനെ[23] രക്ഷിക്കുകയോ നശിപ്പിക്കയോ ഏതു വിഹിതം?" (ലൂക്കൊസ് 6:9). എല്ലാവർക്കും മനസ്സിലാകുന്ന വിധത്തിലുള്ള ലളിതമായ ചിത്രീകരണമാണ് അവൻ ഉപയോഗിച്ചത്:

> നിങ്ങളിൽ ഒരുത്തന്നു ഒരു ആടുണ്ടു എന്നിരിക്കട്ടെ, അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ, അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ?[24] എന്നാൽ മനുഷ്യൻ ആടിനെക്കാൾ എന്തു വിശേഷതയുള്ളവൻ! ആകയാൽ, ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം തന്നേ (മത്തായി 12:11, 12).

തന്റെ ശത്രുക്കളുടെ ഹൃദയകാഠിന്യം നിമിത്തം വേദനയോടെ (മർക്കൊസ് 3:5), യേശു ആ മനുഷ്യനോട് പറഞ്ഞു, "കൈ നീട്ടുക!" (മത്തായി 12:13). "അവൻ നീട്ടി, അതു മറ്റേതുപോലെ, സൗഖ്യമായി" (വാ. 13). അതു എല്ലാവർക്കും കാണാവുന്ന ഒരു അത്ഭുതമായിരുന്നു!

അവന്റെ ശത്രുക്കൾ (വീണ്ടും) നിശബ്ദരായി, എന്നാൽ അവർ പരാജയം സമ്മതിക്കുവാൻ തയ്യാറായില്ല. പരീശന്മാരോ "പുറപ്പെട്ടു അവനെ നശിപ്പിപ്പാൻ വേണ്ടി, അവന്നു വിരോധമായി തമ്മിൽ ആലോചിച്ചു" (മത്തായി 12:14). മർക്കൊസിന്റെ വിവരണത്തിൽ ഈ അവിശ്വസനീയമായി തോന്നാവുന്ന ഒരു വിശദീകരണം ഉണ്ട്: "ഉടനെ പരീശന്മാർ പുറപ്പെട്ടു അവനെ നശിപ്പിക്കേണ്ടതിന്നു ഹെരോദ്യരുമായി ആലോചന കഴിച്ചു" (മർക്കൊസ് 3:6). ഹെരോദ്യരെ പരീശന്മാർ *നിന്ദിച്ചിട്ടുണ്ട്*,[25] എന്നാൽ അവരുടെ രാഷ്ട്രീയ സ്വാധീനം ക്രിസ്തുവിനെ നിശബ്ദനാക്കുവാൻ ആവശ്യമാണ് എന്ന് അവർ തീർച്ചയായും കരുതി. അവർ ഹെരോദ്യരെ വെറുത്തിരുന്നു, എന്നാൽ അതിനേക്കാൾ കൂടുതൽ അവർ യേശുവിനെ വെറുത്തു.

ശബ്ബത്തു വിവാദത്തെ ആസ്പദമാക്കിയുള്ള ഈ ഭാഗം നാം വിട്ടുപോകുന്നതിനു മുൻപു ഒരു കാര്യം ഞാൻ ഊന്നി പറയട്ടെ, യേശു ഒരിക്കൽപോലും ശബ്ബത്തു നിയമങ്ങൾ ലംഘിക്കുകയോ, ആരെയെങ്കിലും അതു ലംഘിക്കുവാൻ പ്രോൽസാഹിപ്പിക്കുയോ ചെയ്തിട്ടില്ല. എങ്ങനെയായാലും, ചിലപ്പോഴൊക്കെ, അവൻ വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരുന്ന മനുഷ്യ–നിർമ്മിത സമ്പ്രദായങ്ങളെ ലംഘിച്ചിട്ടുണ്ട് – ഇത് അവന്റെ ശത്രുക്കളെ രോക്ഷാകുലരാക്കി. നമ്മുടെ വായനാഭാഗത്ത്, യേശുവിന്റെ പരസ്യശുശ്രൂഷയുടെ പകുതിഭാഗത്തുപോലും നാം എത്തിയിട്ടില്ല, അവന്റെ എതിരാളികൾ രാവും പകലും അവനെയും അവന്റെ സ്വാധീനത്തെയും നശിപ്പിക്കുവാനായി പ്രവർത്തിച്ചുകൊണ്ടിരുന്നു! ജെ.ഡബ്ളിയു. മെക്ഗാർവേ എഴുതി, "ഈ സമയം മുതൽ സുവിശേഷ [ത്തിൽ][26] ലുടനീളം യേശുക്രിസ്തുവിന്റെ ജീവിതത്തിനെതിരായ കടുത്ത എതിർപ്പിന്റെ ചുവന്നരേഖ കാണാം."

## പ്രവർത്തികൾ കൊണ്ടു ശത്രുതയോടു പ്രതികരിക്കൽ

മൂന്നു ശബ്ബത്തു ഏറ്റുമുട്ടലുകളോടുള്ള പ്രതികരണമായി, യേശു രണ്ടു പ്രധാന നടപടികൾ എടുത്തു.

### തന്റെ ശത്രുക്കളിൽ നിന്ന് വിട്ടുനിൽക്കൽ
**(മത്താ 12:13-21; മർക്കൊ 3:7-12)**

ഒന്ന്, കൂടുതൽ ഏറ്റുമുട്ടലുകൾ ഒഴിവാക്കുവാൻ ക്രിസ്തു തന്റെ ശത്രുക്കളിൽ നിന്ന് വിട്ടുനിന്നു. പരീശന്മാരോ "പുറപ്പെട്ടു അവനെ നശിപ്പിപ്പാൻ വേണ്ടി, അവന്നു വിരോധമായി തമ്മിൽ ആലോചിച്ചു" (മത്തായി 12:14), എന്നു മത്തായിയുടെ വിവരണത്തിൽ രേഖപ്പെടുത്തിയശേഷം പിന്നെ പറയുന്നതു "യേശു, അത് അറിഞ്ഞിട്ട്, അവിടം വിട്ടുപോയി" (മത്തായി 12:15) എന്നാണ്. സമ്മർദ്ദം കുറയ്ക്കുവാൻ വേണ്ടി ഇതാദ്യമായിട്ടാണ് ക്രിസ്തുവിന്റെ പിൻവാങ്ങൽ. പിന്നീട് മറ്റു ചിലത് കാണാം.

"യേശു ശിഷ്യന്മാരുമായി കടൽക്കരെക്കു [അതായത്, ഗലീലാ കടൽ] വാങ്ങിപ്പോയി" (മർക്കൊസ് 3:7). അവിടെയും, പുരുഷാരം അവനെ അനുഗമിച്ചു: "... ഗലീലയിൽ നിന്ന് വലിയോരു പുരുഷാരം അവനെ അനുഗമിച്ചു; യെഹൂദ്യയിൽ നിന്നും, യെരുശലേമിൽനിന്നും, ഏദോമിൽനിന്നും,[27] യോർദ്ദാന്നക്കരെ നിന്നും, സോരിന്റെയും സിദോന്റെയും ചുറ്റുപാടിൽ നിന്നും ..."[28] (മർക്കൊസ് 3:7, 8). യേശു പുരുഷാരത്തോട് ഉപദേശിക്കയും,[29] രോഗികളെ സൗഖ്യമാക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തു; എന്നാൽ താൻ ചെയ്തതൊന്നും ആരോടും പറയരുതെന്നു അപേക്ഷിച്ചിരുന്നു (മത്തായി 12:15, 16; നോക്കുക മർക്കൊസ് 3:11, 12). കൂടുതൽ പ്രചാരം അവനെ പകെച്ചിരുന്നവരുടെ രോഷം വർദ്ധിക്കുവാൻ ഇടയാക്കിയേക്കും.

സംഭവിച്ചതെല്ലാം പ്രവചന നിറവേറലായിരുന്നുവെന്ന് മത്തായി ഊന്നി പറഞ്ഞിരിക്കുന്നു (മത്തായി 12:17–21; നോക്കുക യെശയ്യാവ് 42:1–4): യേശു പട്ടണത്തിൽ നിന്ന് വാങ്ങിപ്പോയതും നിശബ്ദരായിരിക്കണമെന്ന് പറയുകയും ചെയ്തത് "അവൻ കലഹിക്കയില്ല, നിലവിളിക്കയില്ല; ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കയുമില്ല" (മത്തായി 12:19) എന്നീ വാക്കു

കളുടെ നിറവേറലായിരുന്നു. അവൻ രോഗികളെയും അംഗവൈകല്യമുള്ള വരെയും സൗഖ്യമാക്കിയതു കാണിക്കുന്നത് "ചതഞ്ഞ ഓട" പോലെ അല്ലെങ്കിൽ കെട്ടുപോകാറായ തിരിപോലെയുള്ളവരോടുള്ള അവന്റെ കരുതലിനെയാണ് (വാ. 20). പാലസ്തീനു പുറത്തുനിന്നും ആളുകൾ വന്നിരുന്നത് (ഏദോമ്യ, സോർ, സിദോൻ എന്നിവിടങ്ങളിൽ നിന്നു) യേശുവിന്റെ ശുശ്രൂഷ ജാതികൾക്കുകൂടെ ഉള്ളതാണെന്ന പ്രാധാന്യത്തെ വ്യക്തമാക്കുന്നു (മത്തായി 12:18, 21).

യേശു തുടർന്നും ഉപദേശിക്കുകയും സൗഖ്യമാക്കുകയും ചെയ്തുകൊണ്ടിരുന്നു, എന്നാൽ യെഹൂദ മതാദ്ധ്യക്ഷന്മാരുടെ പ്രകോപനം ഒഴിവാക്കുവാനായി അകന്നുപോകയും ചെയ്തു.

**അവനെ അനുഗമിച്ചവരിൽനിന്നുള്ള തിരഞ്ഞെടുപ്പ്**
**(മത്താ. 10:2-4; മർക്കൊ. 3:13-19; ലൂക്കൊ. 6:12-16)**

താൻ പോയശേഷം തന്റെ പ്രവർത്തി തുടർന്നും ചെയ്യേണ്ടതിന് യേശു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തപ്പോൾ അത് പിന്നെയും അവനോടുള്ള ശത്രുത വർദ്ധിപ്പിച്ചു.[30] അവന്റെ ദിനങ്ങൾ തീർച്ചയായും എണ്ണപ്പെട്ടിരുന്നു, അതുകൊണ്ടു അവന്റെ മരണശേഷമുള്ള ദൗത്യത്തിനു പ്രത്യേക ആളുകളെ തിരഞ്ഞെടുക്കേണ്ടതും ആവശ്യമായിരുന്നു. ആ തിരഞ്ഞെടുത്തവരെ കുറിച്ചു മർക്കൊസ് വിശദീകരിച്ചത് "അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന്നു അയപ്പാനും" പന്തിരുവരെ നിയമിച്ചു എന്നാണ് (മർക്കൊസ് 3:14). അവർ അവനോടുകൂടെ സഞ്ചരിച്ച് അവന്റെ ഉപദേശം കേട്ട് പഠിച്ച് അവന്റെ മാതൃക പിൻപറ്റുന്നവരായിരുന്നു. അവർക്ക് പരിചയം ലഭിക്കേണ്ടതിന് അവൻ അവർക്ക് പ്രത്യേക ദൗത്യവും കൊടുത്തു. അങ്ങനെ അവൻ അവരെ പഠിപ്പിച്ച് പരിശീലിപ്പിച്ചു. അന്നു മുതൽ, ക്രിസ്തുവിന്റെ പരിശ്രമത്തിലധികവും അപ്പൊസ്തലന്മാരെ പരിശീലിപ്പിക്കുന്നതിൽ കേന്ദ്രീകരിച്ചു.

ദൈവത്തോട് ആലോചിക്കാതെ അവൻ പന്തിരുവരെ തിരഞ്ഞെടുത്തില്ല. തന്റെ തീരുമാനങ്ങൾ എടുക്കുന്നതിനുമുൻപ്, യേശു "പ്രാർത്ഥിക്കേണ്ടതിന്നു ഒരു മലയിൽ[31] ചെന്നു, ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു" (ലൂക്കൊസ് 6:12). പ്രാർത്ഥനക്കുശേഷമായിരുന്നു എല്ലാ തീരുമാനങ്ങളും.

യേശു ധാരാളം മുഴുവൻ–സമയ ശിഷ്യന്മാരെ തന്നോടുകൂടെ ചേർത്തിരുന്നു.[32] രാത്രിയിലെ പ്രാർത്ഥനക്കുശേഷം, അവൻ ശിഷ്യന്മാരെ അടുക്കെ വിളിച്ചു "അവരിൽ നിന്ന് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു" (ലൂക്കൊസ് 6:13). അവൻ തിരഞ്ഞെടുത്തവരെ "അപ്പൊസ്തലന്മാർ" എന്നു വിളിച്ചു (വാ. 13; മത്തായി 10:2 നോക്കുക). "അപ്പൊസ്തലൻ" എന്ന വാക്കിനർത്ഥം "അയക്കപ്പെട്ടവൻ" എന്നാണ്. ഒരു പ്രത്യേക ദൗത്യത്തിനായി അയക്കുന്ന ആരെയും സൂചിപ്പിച്ചുകൊണ്ട് പൊതുവിൽ ആ വാക്ക് ഉപയോഗിക്കാം,[33] എന്നാൽ യേശു തന്നെത്താൻ തിരഞ്ഞെടുത്ത് ആജ്ഞ കൊടുത്തയക്കുന്ന പന്തിരുവരെ സംബന്ധിച്ച് അതിനു കൂടുതൽ പ്രാധാന്യമുണ്ട്.

ഒരുപക്ഷെ, *പന്തിരുവരെ* തിരഞ്ഞെടുത്തു എന്ന വസ്തുത പ്രാധാന്യമുള്ളതാണ്: യെഹൂദന്മാർക്ക് "പന്ത്രണ്ട്" എന്ന സംഖ്യ പ്രത്യേക അർത്ഥമുള്ളതാണ്; എബ്രായർ വിചാരിച്ചിരുന്നത്, അതിന് മതപരമായ പൂർണ്ണതയുണ്ട്

എന്നാണ്. പന്ത്രണ്ടുപിതാക്കന്മാരും യിസ്രായേലിൽ പന്ത്രണ്ടു ഗോത്രങ്ങളുമുണ്ടായിരുന്നു; ഇപ്പോൾ യേശു പന്ത്രണ്ടു അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തിരിക്കുന്നു.[34]

മർക്കൊസിന്റെ വിവരണത്തിലെ അപ്പൊസ്തലന്മാരെ പറ്റി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്:

> … ശീമോന്നു (പത്രൊസ് എന്നു പേരിട്ടു), സെബെദിയുടെ മകനായ യാക്കോബ്, യാക്കോബിന്റെ സഹോദരനായ യോഹന്നാൻ, (ഇവർക്ക്, "ഇടിമക്കൾ"[35] എന്നർത്ഥമുള്ള, ബൊവനേർഗ്ഗെസ് എന്നു പേരിട്ടു); അന്ത്രെയാസ്, ഫിലിപ്പൊസ്, ബർത്തൊലോമായി, മത്തായി, തോമാസ്, അല്ഫായിയുടെ മകനായ യാക്കോബ്, തദ്ദായി, കനാന്യനായ ശിമോൻ; തന്നെ കാണിച്ചുകൊടുത്ത, ഈസ്കാര്യോത്ത് യൂദാ[36] എന്നിവരെ തന്നേ (മർക്കൊസ് 3:16–19).[37]

ഇതാണ് ലൂക്കൊസിന്റെ ലിസ്റ്റ്:

> പത്രൊസ് എന്നു അവൻ പേർ വിളിച്ച, ശിമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ്; യാക്കോബ് യോഹന്നാൻ; ഫിലിപ്പൊസ് ബർത്തൊലൊമായി; മത്തായി തോമാസ്; അല്ഫായിയുടെ മകനായ യാക്കോബ്, എരിവുകാരനായ ശിമോൻ; യാക്കോബിന്റെ സഹോദരനായ യൂദാ, ദ്രോഹിയായി തീർന്ന, ഇസ്കേര്യോത്താ യൂദാ എന്നിവർ തന്നേ (ലൂക്കൊസ് 6:14–16).

മത്തായി നൽകുന്ന ലിസ്റ്റ് പിന്നീട് ഒരവസരത്തിലാണ് (യേശു പരിശീലന ദൗത്യവുമായി പന്തിരുവരെ അയക്കുമ്പോൾ). എങ്ങനെയായാലും, താരതമ്യ പഠനത്തിന് ആ ലിസ്റ്റും കൂടെ ഉൾപ്പെടുത്തണം:

> പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പേരാവിത്: ഒന്നാമൻ, പത്രൊസ് എന്നു പേരുള്ള, ശിമോൻ, അവന്റെ സഹോദരൻ അന്ത്രെയാസ്; സെബെദിയുടെ മകൻ യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ; ഫിലിപ്പൊസ് ബർത്തൊലൊമായി; തോമാസ് ചുങ്കക്കാരൻ മത്തായി; അൽഫായിയുടെ മകൻ യാക്കോബ്, തദ്ദായി; ശിമോൻ, യേശുവിനെ കാണിച്ചുകൊടുത്ത, ഇസ്കേര്യോത്താ യൂദാ (മത്തായി 10:2–4).

യൂദായ്ക്കു പകരം ഒരാളെ തിരഞ്ഞെടുക്കുന്നതിനു മുൻപായി, പ്രവർത്തികൾ 1–ൽ നാലാമത്തേതും അവസാനത്തേതുമായ ലിസ്റ്റ് കാണാം: "… പത്രൊസ് യോഹന്നാൻ യാക്കൊബ് അന്ത്രെയൊസ്, ഫിലിപ്പൊസ് തോമസ്, ബെർത്തെലോമായി മത്തായി, അൽഫായിയുടെ മകനായ യാക്കൊബ്, എരിവുകാരനായ ശീമോൻ, യാക്കൊബിന്റെ മകനായ യൂദാ" (പ്രവൃത്തികൾ 1:13).

നാലു ലിസ്റ്റുകൾ താരതമ്യം ചെയ്യുന്നത് ഉപകാരപ്രദമായിരിക്കും. (ഈ പുസ്തകത്തിന്റെ അനുബന്ധഭാഗത്ത് കാണുന്ന "തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള അപ്പൊസ്തലന്മാർ," എന്ന ചാർട്ട് നോക്കുക.) ഉദാഹരണത്തിന്, ഓരോ ലിസ്റ്റിലെയും മുന്നിൽ നിൽക്കുന്നതു, പത്രൊസാണെന്നു കാണാം.

പത്രൊസ് "ആദ്യ പോപ്" ആയിരുന്നു എന്നല്ല അതു തെളിയിക്കുന്നത്, എന്നാൽ അവനിലെ എടുത്തുചാട്ട സ്വഭാവവും പരിഗണിക്കത്തക്ക താലന്തും അവനെ അപ്പൊസ്തലന്മാർക്കിടയിലെ യഥാർത്ഥ നായകനാക്കിതീർത്തു എന്നാണ് അതു പറയുന്നത്. ആദ്യത്തെ മൂന്നു ലിസ്റ്റുകളിലും അവസാനമായിട്ടാണ് യൂദയുടെ പേർ നൽകിയിരിക്കുന്നത് എന്നു കാണാം. അപകീർത്തിപ്പെടുത്തുന്ന അവന്റെ പ്രവർത്തി അവനെ അത്തരം സംശയകരമായ വേർതിരിവിനു യോഗ്യനാക്കി.

മറ്റു വിശദാംശങ്ങൾ ചൂണ്ടിക്കാണിക്കാം. ഉദാഹരണത്തിന്, ധാരാളം സഹോദരന്മാർ ഉണ്ടായിരുന്നു (തദ്ദായിയെ "യാക്കൊബിന്റെ മകനായ യൂദാ" എന്നും പറഞ്ഞിട്ടുണ്ട്). ഒരുപക്ഷെ കൂടുതൽ പ്രാധാന്യമുള്ള കാര്യമെന്തെന്നാൽ ഓരോ ലിസ്റ്റിനെയും നാലുപേരടങ്ങുന്ന മൂന്നു സംഘമായി വിഭജിക്കാം – ഓരോ ലിസ്റ്റിലെയും ഓരോ സംഘത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നതു ഒരേ വ്യക്തികളാണ് എന്നതാണ്: ആദ്യത്തെ സംഘത്തിൽ പത്രൊസാണ് മുന്നിൽ, രണ്ടാമത്തേതിൽ ഫിലിപ്പൊസും, മൂന്നാമത്തേതിൽ അൽഫായിയുടെ മകൻ യാക്കൊബുമാണ് ഉള്ളത്. ഓരോ സംഘത്തിലും പേരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് വിവിധ രീതിയിൽ ആയിരിക്കുന്നതുകൊണ്ട്, മൂന്നുപേരുകളെയും പറഞ്ഞിരിക്കുന്നതിന്റെ യോജിപ്പ് മനഃപൂർവ്വമാണെന്നു തോന്നുന്നു. പത്രൊസ്, ഫിലിപ്പൊസ്, അൽഫായിയുടെ മകൻ യാക്കൊബ് എന്നിവർ പരിശീലന ദൗത്യങ്ങളിലും മറ്റു പ്രത്യേക പരിപാടികളിലും ഒരുപക്ഷെ "സംഘത്തലവന്മാർ" ആയിരുന്നേക്കാം.

വീണ്ടും ആ ലിസ്റ്റുകൾ നോക്കുക. അവരിൽ പലരെയും നമ്മുടെ കഴിഞ്ഞ പാഠങ്ങളിൽ നാം കണ്ടിട്ടുണ്ട്: പത്രൊസിനെയും അന്ത്രെയാസിനെയും (യോഹന്നാൻ 1:40, 41; മത്തായി 4:18), യാക്കൊബും യോഹന്നാനും (മത്തായി 4:21[38]), ഫിലിപ്പൊസും ഒരുപക്ഷെ ബർത്തൊലൊമായിയും[39] (യോഹന്നാൻ 1:43, 45), മത്തായിയും (മത്തായി 9:9). പുതിയ നിയമത്തിൽ മറ്റുള്ളവരെപറ്റി വളരെ കുറച്ചുമാത്രമാണ് പറഞ്ഞിരിക്കുന്നത്, എന്നാൽ അവരെ കുറിച്ച് മൂന്നു മുഖ്യമായ വിശദാംശങ്ങൾ നമുക്കറിയാം. ഒന്ന്, അവരെ എല്ലാവരെയും വിളിച്ചത് പത്രൊസിനെയും, അന്ത്രെയാസിനെയും, യാക്കൊബിനെയും, യോഹന്നാനെയും, മത്തായിയെയും വിളിച്ചതുപോലെയാണ്. രണ്ട്, പത്രൊസിനെയും മറ്റുള്ളവരെയും പോലെ, അവരെ അവരുടെ മുൻകാല ആത്മീയ നേട്ടങ്ങൾ നിമിത്തമല്ല തീർച്ചയായും തിരഞ്ഞെടുത്തത്, എന്നാൽ അവരുടെ കഴിവുകൾ കൊണ്ടാണ്. (യേശു നോക്കിയത് അവരുടെ ബലഹീനതകളെയും തെറ്റുകളെയും അല്ല, എന്നാൽ അവർക്ക് എന്തായി തീരാൻ കഴിയുമെന്നാണ്. നമ്മെയും അവൻ അതുപോലെയാണ് നോക്കുന്നത് എന്നതുകൊണ്ട് നമുക്ക് ദൈവത്തെ സ്തുതിക്കാം!) മൂന്ന്, അവരെ എല്ലാവരെയും ഉപദേശിപ്പാനും ഭൂതങ്ങളെ പുറത്താക്കുവാനും യേശു ശക്തീകരിച്ചു (മത്തായി 10:1 നോക്കുക). ഈ ഓരോ വിശദീകരണത്തിലും, "ഇസ്കേര്യോത്താ യൂദയും അടക്കം" എന്നു ഞാൻ ചേർക്കട്ടെ.

**ഉപസംഹാരം**

പന്തിരുവരെ തിരഞ്ഞെടുത്തത് ഗിരിപ്രഭാഷണത്തിന് ആവേശം നൽകി – അതു നാം അടുത്ത രണ്ടു പാഠങ്ങളിൽ പഠിക്കും. ഈ പാഠം നാം അവ

സാനിപ്പിക്കുന്നതിനുമുൻപ്, എങ്ങനെയായാലും, നമുക്കു ചില അവസാന നിരീക്ഷണങ്ങൾ നടത്താം.

യേശുവിനെ വിമർശിച്ചുവെങ്കിലും – അത് അവനെ തന്റെ ദൗത്യത്തിൽ നിന്ന് പിന്തിരിപ്പിച്ചില്ല. ദൈവോദ്ദേശം നടപ്പിലാക്കുവാൻ ആവശ്യമായതെല്ലാം അവൻ ചെയ്തുകൊണ്ടേയിരുന്നു.

നിങ്ങൾ ശരിയായതാണ് ചെയ്യുന്നതെങ്കിൽ, നിങ്ങളും വിമർശിക്കപ്പെടും (നാം നമ്മുടെ അടുത്ത പാഠത്തിൽ കാണുവാൻ പോകുന്നതുപോലെ [മത്തായി 5:11]). വിമർശനം നേരിടുമ്പോൾ, നിങ്ങൾ ദൈവഹിത മദ്ധ്യത്തിലാണ് എന്നു പരിശോധിച്ചു ഉറപ്പുവരുത്തുക (നോക്കുക 1 പത്രൊസ് 4:14–16). നിങ്ങൾ അങ്ങനെയാണെങ്കിൽ, വിട്ടുകളഞ്ഞേക്കാവുന്ന രീതിയിൽ നിരുത്സാഹപ്പെടുത്തുവാൻ വിമർശനത്തെ അനുവദിക്കാതിരിക്കുക. മറിച്ച്, വിശ്വസ്തരായിരിപ്പാൻ എന്തുചെയ്യേണമോ അതു തുടരുക.

---

കുറിപ്പുകൾ

[1]ഭൗതികമായ കാറ്റ് ഉരുണ്ടുകൂടുന്ന ഒരു പടത്തെ വാക്കുകളാൽ ചിത്രീകരിച്ചു ആമുഖമായി ഈ പാഠത്തിൽ വേണമെങ്കിൽ നിങ്ങൾക്ക് ഉപയോഗിക്കാം. [2]ഈ സമയം മുതൽ, വലിയ ഗലീലാ ശുശ്രൂഷയിൽ സംഭവങ്ങളുടെ ക്രമത്തെ കുറിച്ചുള്ള വിവിധ യോജിപ്പിൽ, പല വ്യത്യാസങ്ങളും കണ്ടേക്കാം. ആ സാധ്യതയുള്ള എല്ലാ വ്യത്യാസങ്ങളെ കുറിച്ചും പറയുവാൻ ഞാൻ ശ്രമിക്കുന്നില്ല, എങ്കിലും ചിലപ്പോൾ മറ്റു സാധ്യതകൾ പറഞ്ഞേക്കാം. സംഭവങ്ങളുടെ യഥാർത്ഥ ക്രമത്തിന് വലിയ പ്രാധാന്യമില്ല; അല്ലെങ്കിൽ, ക്രമത്തിൽ പരിശുദ്ധാത്മാവിനെ കൂടുതൽ വ്യക്തമാകുമായിരുന്നു. [3]മറ്റു രസം ജനിപ്പിക്കുന്ന സമ്പ്രദായങ്ങളിൽ ഇവയും ഉണ്ടായിരുന്നു: ആണിയടിച്ച ഷൂസ് ശബ്ബത്തിൽ ധരിക്കരുത് കാരണം അതൊരു ഭാരമാണ്; ഒരാൾക്ക് ഒരു ബ്രെഡ് ചുമക്കാം, എന്നാൽ രണ്ടു പേർ ചേർന്ന് അതു ചുമന്നുകൂടാ. [4]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* (ലിബെർട്ടി, എംഒ.: ക്വാളിറ്റി പ്രെസ്, 1963), 142. [5]വാരെൻ ഡബ്ളിയു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം. 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 305. [6]ആദം ഫാലിങ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (സെന്റ്. ലൂയിസ്, എംഒ.: കൺകോഡിയ പബ്ളിഷിങ് ഹൗസ്, 1936), 195. [7]പരീശന്മാർ കഠിനമായി ശ്രമിച്ചിട്ടുപോലും, യേശു ശബ്ബത്ത് ലംഘിക്കുന്നതായി ഔദ്യോഗികമായി തെളിയിക്കുവാൻ ഒരിക്കലും കഴിഞ്ഞില്ല. അവന്റെ ഭൗമിക ശുശ്രൂഷയുടെ അവസാനം, അവന്റെ പല വിചാരണകളിലും, ശബ്ബത്ത്–ലംഘിക്കുന്ന കുറ്റമാരോപിക്കപ്പെട്ടില്ല. [8]"യെഹൂദന്മാരുടെ പെരുന്നാളുകൾ" എന്ന *ക്രിസ്തുവിന്റെ ജീവിതം, 1* –എന്ന പുസ്തകത്തിലെ ചാർട്ട് നോക്കുക. [9]വിവിധ സാധ്യതകളെ കുറിച്ചുള്ള ചർച്ചയുള്ളത് ഏ. റ്റി. റോബെർട്സൺ, *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഫോർ സ്റ്റുഡന്റ്സ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഹാർപ്പർ ആന്റ് റോ, 1950), 267–70. [10]*ക്രിസ്തുവിന്റെ ജീവിതം, 2* എന്ന പുസ്തകത്തിൽ "എല്ലാറ്റിനും ഒരു ആദ്യ സമയം " എന്ന പാഠം നോക്കുക.

[11]യോഹന്നാന്റെ പുസ്തകത്തിൽ അത്തരം ആറു പ്രസംഗങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആ ന്യായീകരണപ്രസംഗങ്ങളിൽ ഒന്ന് യെരുശലേമിൽ വെച്ചു നടന്നതാണ്. [12] യേശുവിന്റെ പ്രതിരോധം വിശദമായി പരിശോധിക്കുവാൻ, ഈ പുസ്തകത്തിൽ പിന്നീടു വരുന്ന "ദൈവത്തോടുള്ള സമത്വം," എന്നതു നോക്കുക. [13]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ജോൺ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ളി

ഷിങ് ഹൗസ്, 1974), 158. [14]യേശു ഗലീലയിലേക്ക് മടങ്ങിവന്നു എന്ന് നാം ഊഹിക്കുവാൻ ധാരാളം കാരണങ്ങളുണ്ട്: അടുത്ത സംഭവം നടന്നത് പള്ളിയിൽ ആയിരുന്നു. മത്തായി പറയുന്നതനുസരിച്ച്, യേശുവിനെ വിളഭൂമിയിൽ വെച്ചു വെല്ലുവിളിച്ച പരീശന്മാർ ആ പള്ളിയിൽ സന്നിഹിതരായിരുന്നു (മത്തായി 12:2, 9). മർക്കൊസ് പറയുന്നതനുസരിച്ച്, ആ പള്ളി കടലിനോടടുത്തായിരുന്നു എന്നു കാണാം (അതായത്, ഗലീലാ കടൽ) (മർക്കൊസ് 3:5–7). [15]ആ സംഭവം നടന്നത് പെസഹ കഴിഞ്ഞ ഉടനെ ആണെങ്കിൽ, അവിടെ പറയുന്ന ധാന്യം ഒരുപക്ഷെ യവമായിരിക്കാം. [16]ലൂക്കൊസ് പറയുന്നതനുസരിച്ച്, പരീശന്മാർ *ശിഷ്യന്മാ*രോടു ഏറ്റുമുട്ടി. മത്തായിയും മർക്കൊസും പറയുന്നതനുസരിച്ച്, പരീശന്മാർ *യേശു*വിനെ വെല്ലുവിളിച്ചു. ഒരുപക്ഷെ അവർ രണ്ടും ചെയ്തിരിക്കാം. [17]ശിക്ഷിക്കപ്പെടുകയില്ല എന്ന ധൈര്യത്താൽ ദൈവത്തിന്റെ പ്രമാണങ്ങളെ നമുക്കു ലംഘിക്കാമെന്നതിനു തെളിവായി ആ ഉദാഹരണങ്ങൾ ഒന്നും എടുക്കുവാൻ കഴിയുകയില്ല. യേശുവിന്റെ പോയിന്റ് എന്തെന്നാൽ യെഹൂദ പ്രമാണിമാർക്ക് അന്നു ദാവീദിനെ കുറ്റപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല എങ്കിൽ, പിന്നെ എന്തിനാണ് തന്നെയും തന്റെ ശിഷ്യന്മാരെയും അവർ കുറ്റം വിധിക്കുന്നത്? [18]എൻഎഎസ്ബി യിൽ ഹോശേയാ 6:6–ലെ മനസ്സലിവ് എന്നതിനുപകരം "വിശ്വസ്തമായ" എന്നാണുള്ളത്, എന്നാൽ കെജെവിയിൽ "കരുണ" എന്നാണ്. [19]ഗ്രീക്ക് വേദഭാഗത്തിന്റെ ശരിയായ തർജ്ജിമ "സംതിങ്" എന്നാണ്, എന്നാൽ കെജെവി തർജ്ജിമ "എന്നാൽ ദൈവാലയത്തെക്കാൾ വലിയവൻ ഇവിടെ ഉണ്ടു, എന്നു ഞാൻ നിങ്ങളോടു പറയുന്നു" എന്ന പ്രസ്താവനയിൽ അടങ്ങിയിരിക്കുന്ന ഉദ്ദേശം ബോദ്ധ്യപ്പെടുത്തുന്നു. [20]ഇത് യെഹൂദന്മാർക്ക് ധിക്കാരപരമായ ഒരു പ്രസ്താവനയാകും, കാരണം, അവരെ സംബന്ധിച്ചിടത്തോളം, ദൈവാലയത്തെക്കാൾ വലിയത് (അല്ലെങ്കിൽ വലിയവൻ) അതിൽ വസിക്കുന്ന ദൈവമായിരുന്നു!

[21]മത്തായിയുടെ വിവരണത്തിൽ ഇത് അടങ്ങിയിട്ടുണ്ട് (മത്തായി 12:9). [22]അവനിൽ മരണശിക്ഷ നടപ്പാക്കേണ്ടതിനു അവനെ യെഹൂദന്മാരുടെ ന്യായാധിപസഭയിൽ കുറ്റം ആരോപിക്കുവാനാണ് അവർ ആഗ്രഹിച്ചത്. [23]അവരുടെ തന്നെ നിയമാവലികൾ ശബ്ബത്തിൽ പോലും വൈദ്യന്മാരുടെയും മറ്റും ജീവൻ രക്ഷിക്കുവാൻ അനുവദിക്കുന്നതായിരുന്നു. (ആൽഫ്രെഡ് ഏഡെർ ഷെയിം, *ദ ലൈഫ് ആന്റ് ടൈംസ് ഓഫ് ജീസസ് ദ മെസ്സൈയാ*, ന്യൂ അപ്ഡെയിറ്റഡ് വെർഷൻ [പീബോഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ളിഷേഴ്സ്, 1993], 515). [24]മറ്റൊരവസരത്തിൽ യേശു ഇതേ ചിത്രീകരണം നടത്തിയിട്ടുണ്ട് , മൃഗത്തെ കാളയാക്കി മാറ്റുന്നു (ലൂക്കൊസ് 14:5). ചിലർ തുടർച്ചയായി സഭായോഗം മുടക്കുന്നതിനുള്ള ഒഴിവുകഴിവായോ ദൈവത്തിന്റെ മറ്റു കൽപനകൾ ഉപേക്ഷിക്കുന്നതിനായോ "കാള കുഴിയിൽ വീണു" എന്ന സാമ്യം ഉപയോഗിക്കും. വൃദ്ധനായ ഒരു ഉപദേഷ്ടാവ് ഒരാളോടു പറഞ്ഞു, "നിങ്ങളുടെ കാള തുടർച്ചയായി കുഴിയിൽ വീഴുകയാണെങ്കിൽ, ഒന്നുകിൽ നിങ്ങൾ കാളയെ വിൽക്കുക അല്ലെങ്കിൽ കുഴി നികത്തുക!" [25]പരീശന്മാർ അവരെ വെറുക്കുവാൻ കാരണം അവർ അന്യദേവന്മാരെ നമസ്കരിക്കുന്നവരും/ ജാതികളും മഹാനായ ഹെരോദാവിനെ നവീകരിച്ചതിനെ പിൻതാങ്ങി എന്നതുകൊണ്ടാണ്. [26]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 198. [27]"ഏദോമ്യർ" എന്നു പറയുന്നത് "ഏദോമിൽ താമസിച്ചിരുന്നവരെയാണ്" ("ഏദോമ്യർ" എന്ന വാക്ക് "ഏദോം" എന്നതിനുള്ള ഗ്രീക്ക് വാക്കിൽ നിന്നുള്ള താണ്). മഹാനായിരുന്ന ഹെരോദാവ് ഒരു ഇഡൂമ്യൻ/ഏദോമ്യൻ ആയിരുന്നു. [28]ആ വിവിധ സ്ഥലങ്ങളുടെ സ്ഥാനനിർണ്ണയത്തിന്, "ഈ ലക്കത്തിലുള്ള ക്രിസ്തു സഞ്ചരിച്ച സ്ഥലങ്ങൾ" എന്ന ഭൂപടം കാണുക. [29]ഒരിക്കൽ കൂടെ പുരുഷാരം യേശുവിനെ തിക്കിതിരക്കി, അങ്ങനെ മുൻപു നടന്നതു പോലെ, പ്രസം

ഗപീഠമായി അവനു ഉപയോഗിക്കേണ്ടതിന് ഒരു പടക് തയ്യാറാക്കി. ഇപ്രാവശ്യം പടക് ഉപയോഗിച്ചോ ഇല്ലയോ എന്നതിന് കൃത്യമായ സൂചനയില്ല. [30]ഇത് ശിഷ്യത്വത്തിന്റെ മൂന്നാം ഘട്ടമായിരുന്നു – തിരഞ്ഞെടുക്കപ്പെട്ട ചിലർക്കുള്ള പ്രത്യേക ഘട്ടം.

[31]അത് ഏതു മലയായിരുന്നുവെന്ന് നമുക്കറിയില്ല. ലൂക്കൊസ് 6–ലെ പ്രസംഗം മത്തായി 5–7–ലെ മലപ്രസംഗം പോലെയുള്ളതാണെങ്കിൽ, അത് ഒരുപക്ഷെ മലപ്രസംഗം നടന്ന മല തന്നെ ആയിരിക്കാം (മത്തായി 5:1; ലൂക്കൊസ് 6:12, 17). കഫർന്നഹൂമിൽ നിന്ന് അധികം ദൂരെ അല്ലാതെ ഒരു മലയുള്ളത്, നാം ഇന്നു വിളിക്കുന്ന മനോഗുണങ്ങളുടെ മല ആണ്, അവിടെ ആയിരിക്കാം അതു സംഭവിച്ചത്. മറ്റൊരു സാദ്ധ്യത ഹോൺസ് ഓഫ് ഹാറ്റിൻ എന്നറിയപ്പെടുന്ന മലയാണ്. [32]ഇത് യേശു ശിഷ്യത്വത്തിന് ക്ഷണിച്ച രണ്ടാം ഘട്ടമായിരുന്നു. [33]യേശുവിനെ തന്നെ അപ്പൊസ്തലൻ എന്നു വിളിക്കുവാൻ കാരണം അവൻ ദൈവത്താൽ അയക്കപ്പെട്ടവൻ ആയിരുന്നു (എബ്രായർ 3:1). പൊതുവായ അർത്ഥത്തിൽ, “അപ്പൊസ്തലൻ” എന്ന ഉപയോഗത്തിന്റെ മറ്റ് ഉദാഹരണങ്ങൾക്കായി നോക്കുക പ്രവൃത്തികൾ 14:14; റോമർ 16:7; 2 കൊരിന്ത്യർ 8:23; ഫിലിപ്പിയർ 2:25. (ഗ്രീക്ക് വാക്ക് ചില സ്ഥലങ്ങളിൽ “സന്ദേശവാഹകൻ” എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്.) [34]മത്തായി 19:28–ഉം ലൂക്കൊസ് 22:30–ഉം നോക്കിയാൽ പന്ത്രണ്ടു ഗോത്രങ്ങളും പന്ത്രണ്ടു അപ്പൊസ്തലന്മാരും തമ്മിൽ സൂചിപ്പിച്ചിരിക്കുന്ന ബന്ധം കാണാം. [35]ഈ വിളിപ്പേരിൽ ഒരുപക്ഷെ അൽപം മർമ്മം കണ്ടേക്കാം. യേശു അവരുടെ അക്രമ സ്വഭാവം നിമിത്തമായിരിക്കാം അവരെ അങ്ങനെ വിളിച്ചത് (ലൂക്കൊസ് 9:51–56; മർക്കൊസ് 9:38 നോക്കുക). യേശുവിന്റെ സ്വാധീനത്തിലൂടെ, അത്തരം മനോഭാവത്തെ മാറ്റി എടുത്തിരുന്നു. [36]“ഇസ്കേര്യോത്താ ” എന്ന പേരിന്റെ അർത്ഥം ചിലപ്പോൾ “കെര്യോത്തിൽ നിന്ന്” എന്നാകാം, അതു സൂചിപ്പിക്കുന്നത് യൂദ ആ പട്ടണക്കാരനായിരുന്നു എന്നാണ്. (വായിക്കുക യോശുവ 15:25.) കെരിയാത്ത് യെഹൂദ്യയിലായിരുന്നു. തീർച്ചയായും, യൂദ ഒഴിച്ച് മറ്റെല്ലാ അപ്പൊസ്തലന്മാരും ഗലീലക്കാരായിരുന്നു. [37]ആ പുരുഷന്മാരിൽ ചിലർക്ക് മറ്റു പേരുകളും നൽകിയിട്ടുണ്ട്. ഉദാഹരണമായി, തോമാസിനെ “ദിദിമോസ്” (“ഇരട്ട”) എന്നു വിളിച്ചിരുന്നു (യോഹന്നാൻ 11:16). നമ്മുടെ പഠനത്തിൽ അവ പിന്നീട് നോക്കുന്നതാണ്. [38]ഒരുപക്ഷെ യോഹന്നാൻ, യാക്കോബിനോടൊപ്പം, യേശുവിന്റെ ആദ്യശിഷ്യന്മാരിൽ ഒരാളായി തീർന്നിരിക്കാം. [39]യോഹന്നാൻ 1:45–51 ൽ പറഞ്ഞിരിക്കുന്ന നഥനയേലിന്റെ മറ്റൊരു പേരാണ് ബർത്തൊലൊമായി എന്ന് പലരും വിചാരിച്ചിട്ടുണ്ട്.